"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ്സ് - കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 ന്റെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സംസ്ഥാന- ജില്ലാ തല ഓഫീസുകളിൽ സൃഷ്ടിച്ച ക്ലാർക്ക് തസ്തികയുടെ നിയമനരീതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്**

സ.ഉ.(കൈ) നം.117/2022/H&FWD തീയതി,തിരുവനന്തപുരം, 18-06-2022

പരാമർശം:-
1. സ.ഉ. (കൈ) നം. 268/2018/ആ.കു.വ, തീയതി 17/12/2018.
2. സ.ഉ. (കൈ) നം. 66/2020/ആ.കു.വ, തീയതി 17/04/2020.
3. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറി സമർപ്പിച്ച 9.8.2021 തീയതിയിലെ 424/Admin/KSCCE/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിന്റെ നടത്തിപ്പിനായി സംസ്ഥാന—ജില്ലാ ആഫീസുകളിൽ ക്ലർക്കുമാരുടെ തസ്തികകൾ സൃഷ്ടിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി തസ്തികയുടെ യോഗ്യത സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലർക്കുമാരുടെ യോഗ്യതയായും, നിയമന രീതി കരാർ അടിസ്ഥാനത്തിൽ ആയും ആണ് നിശ്ചയിച്ചിരുന്നത്. എന്നാൽ കൗൺസിൽ സെക്രട്ടറിയുടെ ആവശ്യപ്രകാരം ടി തസ്തികയുടെ അഭിലഷണീയമായ യോഗ്യത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും മലയാളം ഇംഗ്ലീഷ് ടൈപ്പ് റൈറ്റിങ്ങിലുള്ള പ്രാവീണ്യവും എന്നും, നിയമന രീതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എന്നും ഭേദഗതി വരുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

2. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിലവിൽ 6 മാസത്തേക്ക് മാത്രമേ നിയമിക്കാവൂ എന്ന് വ്യവസ്ഥയുള്ളതിനാൽ ഓരോ 6 മാസം കൂടുന്തോറും ഇൻറർവ്യൂ നടപടികൾ നടത്തേണ്ട സാഹചര്യമാണുള്ളതെന്നും, കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് കൗൺസിൽ രജിസ്ട്രേഷൻ നടപടികൾ വെബ് പോർട്ടലിലൂടെ നടക്കുന്നതിനാൽ ക്ലാർക്കുമാർക്ക് ഓരോ 6 മാസം കഴിയുന്തോറും ട്രെയിനിംഗ് കൊടുക്കേണ്ട അവസ്ഥയുണ്ടെന്നും ആയതിനാൽ ഈ വിഷയം കൗൺസിലിൻറെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്യുകയും നിലവിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നുള്ള നിയമന രീതി മാറ്റി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകുകയും പ്രസ്തുത തീരുമാനം 3 - മത് സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നും, ഈ

സാഹചര്യത്തിൽ ക്ലർക്ക് തസ്തികകളുടെ നിലവിലുള്ള നിയമന രീതി, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം എന്നത് മാറ്റി കരാർ അടിസ്ഥാനത്തിൽ എന്ന് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറി പരാമർശം (3) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം നിശ്ചയിച്ച കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിലെ ക്ലർക്ക് തസ്തികയുടെ നിയമനരീതി 'എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന' എന്നത് 'കരാർ അടിസ്ഥാനത്തിൽ' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് കൌൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, രണ്ടാം നില, ഹോസ്റ്റൽ ബ്ലോക്ക്, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, തൈക്കാട്, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 819)
ധനകാര്യ വകുപ്പ് (864569/H&L-B1/127/2018-FIN തീയതി 22.12.2021)
ഐ & പി.ആർ.ഡി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-FW1/22/2021-HEALTH )

ഉത്തരവിൻ പ്രകാരം
Signed by Neelima G
Date: 21-06-2022 12:26:28
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (ആരോഗ്യം) പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-06-2022

ഫയൽ നം. HEALTH-FW1/22/2021/HEALTH. ഇനം നം: 819

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിൽ സൃഷ്ടിച്ച ക്ലാർക്ക് തസ്തികയുടെ നിയമന രീതി 'എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന' എന്നത് 'കരാർ അടിസ്ഥാനത്തിൽ' എന്ന് ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

Renju 16.5

AS.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നം. | : | HEALTH-FW1/22/2021-HEALTH |
| 2. വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ് |
| 3. വിഷയം | : | കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിൽ സൃഷ്ടിച്ച ക്ലാർക്ക് തസ്തികയുടെ നിയമന രീതി 'എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന' എന്നത് 'കരാർ അടിസ്ഥാനത്തിൽ' എന്ന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31.05.2022 |
| 5.(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബി. സുരേന്ദ്രൻ പിള്ള |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാം ദേവ് ഖോബ്രാഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.06.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.06.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി , | : | 10.06.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.06.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 ന്റെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സംസ്ഥാന- ജില്ലാ തല ഓഫീസുകളിൽ സൃഷ്ടിച്ച ക്ലാർക്ക് തസ്തികയുടെ നിയമനരീതി ഭേദഗതി വരുത്തുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 17/12/2018 തീയതിയിലെ സ.ഉ. (കൈ) 268/2018/ആ.കു.വ പ്രകാരം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിന്റെ നടത്തിപ്പിനായി സംസ്ഥാന - ജില്ലാ ആഫീസിൽ ക്ലർക്കുമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി തസ്തികയുടെ യോഗ്യത സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലർക്കുമാരുടെ യോഗ്യതയായും നിയമന രീതി കരാർ അടിസ്ഥാനത്തിലും ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ കൗൺസിൽ സെക്രട്ടറിയുടെ ആവശ്യപ്രകാരം ടി തസ്തികയുടെ അഭിലഷണീയമായ യോഗ്യത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും മലയാളം ഇംഗ്ലീഷ് ടൈപ്പ് റൈറ്റിങ്ങിലുള്ള പ്രാവീണ്യവും എന്നും, നിയമന രീതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എന്നും ഭേദഗതി വരുത്തി 17/04/2020 തീയതിയിലെ ജി.ഒ. (എം.എസ്) 66/2020/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

3. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിലവിൽ 6 മാസത്തേക്ക് മാത്രമേ നിയമിക്കാവൂ എന്ന് വ്യവസ്ഥയുള്ളതിനാൽ ഓരോ 6 മാസം കൂടുന്തോറും ഇൻറർവ്യൂ നടപടികൾ നടത്തേണ്ട സാഹചര്യമാണുള്ളതെന്നും, കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് കൗൺസിൽ രജിസ്ട്രേഷൻ നടപടികൾ Web Portal ലൂടെ നടക്കുന്നതിനാൽ ക്ലാർക്കുമാർക്ക് ഓരോ 6 മാസം കഴിയുന്തോറും ട്രെയിനിംഗ് കൊടുക്കേണ്ട അവസ്ഥയുണ്ടെന്നും ആയതിനാൽ ഈ വിഷയം കൗൺസിലിൻറെ 3-ാ മത് എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്യുകയും നിലവിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നുള്ള നിയമന രീതി മാറ്റി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകുകയും പ്രസ്തുത തീരുമാനം 3 - മത് സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നും, ഈ സാഹചര്യത്തിൽ ക്ലർക്ക് തസ്തികകളുടെ നിലവിലുള്ള നിയമന രീതി, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം എന്നത് മാറ്റി കരാർ അടിസ്ഥാനത്തിൽ എന്ന് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറി പ്രപ്പോസൽ സമർപ്പിച്ചു.

4. മേൽ സാഹചര്യത്തിൽ 17/04/2020 ലെ ജി.ഓ. (എം.എസ്) 66/2020/ആ ക വ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ക്ലർക്ക് തസ്തികയുടെ നിയമന രീതി 'എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന' എന്നത് 'കരാർ അടിസ്ഥാനത്തിൽ' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ എന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"തസ്തികകൾ അനുവദിച്ച സമയത്ത് ക്ലർക്ക് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനാണ് ധനവകുപ്പ് അനുമതി നൽകിയിരുന്നത്. ടി സാഹചര്യത്തിൽ Kerala State Council for Clinical Establishments –ലെ ക്ലർക്ക് തസ്തികയുടെ നിയമന രീതി 'എംപ്ലോയ്മെൻറ് എക്സ് ചേഞ്ച് മുഖേന' എന്നത് 'കരാർ അടിസ്ഥാനത്തിൽ' എന്ന് ഭേദഗതി വരുത്തുന്നതിനോട് ധനവകുപ്പിന് എതിർപ്പില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*
*ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."*

5. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്-ലെ ക്ലർക്ക് തസ്തികയുടെ നിയമന രീതി 'എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന' എന്നത് 'കരാർ അടിസ്ഥാനത്തിൽ' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

17/04/2020 തീയതിയിലെ ജി.ഒ. (എം.എസ്) 66/2020/ആ. ക. വ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിലെ ക്ലർക്ക് തസ്തികകളുടെ നിയമനരീതി 'എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' മുഖേന' എന്നത് 'കരാർ അടിസ്ഥാനത്തിൽ' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ?

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് (രജിസ് ട്രേഷനും നിയന്ത്രണവും) ആക്ട് 2018-ന്റെ നടത്തിപ്പിനായി സംസ്ഥാന ജില്ലാ തലങ്ങളിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**ആരോഗ്യ കുടുംബ ക്ഷേമ (FW) വകുപ്പ്**

സ.ഉ. (കൈ.) നം.268/2018/H&FWD. തീയതി, തിരുവനന്തപുരം,17/12/2018

===========================================================================

പരാമർശം 1. 23/04/2018 തീയതിയിലെ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോർസ് സെന്റർ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഡ്മിൻ1-41 2017/എസ്.എച്ച്.എസ്.ആർ.സി നമ്പർ കത്ത്.

2. 14/05/2018 തീയതിയിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ എബി2-36353/2018 ആരോഗ്യം നമ്പർ കത്ത്.

## ഉത്തരവ്

1. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം സംസ്ഥാന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോർഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന്റെ നടത്തിപ്പിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ ചുവടെ കൊടുത്തിരിക്കുന്ന തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | യോഗ്യത/ നിയമനരീതി |
|---|---|---|---|
| സംസ്ഥാനതലം | | | |
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് | 1 | 89000-120000 | ആരോഗ്യ വകുപ്പിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ |
| ഫിനാൻസ് ഓഫീസർ | 1 | 45800 - 89000 | സർക്കാർ സർവീസിൽ ഏതെങ്കിലും വകുപ്പിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസർ തലത്തിലുള്ള ഉദ്യോഗസ്ഥൻ |

| | | | |
|---|---|---|---|
| ക്ലർക്ക് | 2 | 710/- per day ( on contract ) | സംസ്ഥാന സർക്കാർ സർവീസിലെ ക്ലർക്കിന്റെ യോഗ്യത. |
| | ജില്ലാതലം | | |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് | 1 | 68700-110400 | ആരോഗ്യ വകുപ്പിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ. |
| അക്കൗണ്ട്സ് ക്ലെർക്ക് | 1 | 710/-per day ( on contract ) | സംസ്ഥാന സർക്കാർ സർവീസിലെ ക്ലർക്കിന്റെ യോഗ്യത |
| ക്ലർക്ക് ( ജനറൽ ) | 1 | 710/-per day ( on contract ) | സംസ്ഥാന സർക്കാർ സർവീസിലെ ക്ലർക്കിന്റെ യോഗ്യത |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം ),

**രാജീവ് സദാനന്ദൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോർഴ്സ് സെന്റർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ & ഇ , ഓഡിറ്റ്), കേരള , തിരുവനന്തപുരം
ധനകാര്യ (പി യു സി ) വകുപ്പ്
(24/10/2018 തീയതിയിലെ H&L-B1/127/2018/Fin. പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
(13/12/2018 തീയതിയിലെ ഇനം. നം.2695 പ്രകാരം)
ഐ.& പി.ആർ.ഡി
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 ന്റെ നടത്തിപ്പിനായി സംസ്ഥാന ജില്ലാ തലങ്ങളിൽ തസ്തികകൾ സൃഷ്ടിച്ച ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്

G.O.(Ms) No.66/2020/H&FWD തീയതി,തിരുവനന്തപുരം, 17/04/2020

പരാമർശം:- 1. 17.12.2018 തീയതിയിലെ സ.ഉ.(കൈ) നം. 268/2018/H&FWD.

2. 17.01.2020 തീയതിയിലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ് സെക്രട്ടറിയുടെ എ/7/കെ.എസ്.സി.സി.ഇ നമ്പർ കത്ത്.

ഉത്തരവ്

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന്റെ നടത്തിപ്പിനായി സംസ്ഥാന ജില്ലാ തലങ്ങളിൽ പരാമർശം 1ലെ ഉത്തരവ് പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാർക്കിന്റെ യോഗ്യത അനുസരിച്ചുള്ള രണ്ട് പേരെ ക്ലാർക്ക് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സിൽ രജിസ്ട്രേഷൻ നടപടികളും മറ്റ് നടപടികളും ഓൺലൈനായാണ് നടക്കുന്നതിനാൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും മലയാളത്തിലും ഇംഗ്ലീഷിലും ടൈപ്പ് റൈറ്റിങ്ങിൽ ഉള്ള പ്രാവീണ്യവും അഭിലഷണീയമായി നിർണ്ണയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പ്രസ്തുത ക്ലാർക്ക്മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും മലയാളത്തിലും ഇംഗ്ലീഷിലും ടൈപ്പ് റൈറ്റിങ്ങിൽ ഉള്ള പ്രാവീണ്യവും അഭിലഷണീയമായി നിർണ്ണയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രസ്തുത ക്ലാർക്ക്മാരെ നിയമിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJAN NAMDEV KHOBRAGADE
PRINCIPAL SECRETARY

പകർപ്പ്

ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ (പി യു സി) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഐ& പി.ആർ.ഡി

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by ANIL KUMAR D
Date: 2020.04.18 1[illegible]:36:50 IST
Reason: Approved
സെക്ഷൻ ഓഫീസർ